ഉത്തരം

(എ) സ്കൂളുകളുടെ എണ്ണം അനുബന്ധമായി കൊടുക്കുന്നു.†

(ബി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

അട്ടപ്പാടിയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് നടപടി

40 [1556] ശ്രീ. കളത്തിൽ അബ്ദുള്ള: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പരിഹരിക്കുന്നതിന് ഒരു കോളേജ് സ്ഥാപിക്കണമെന്നാവശ്യം ശ്രദ്ധയിൽപെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ കോളേജ് ആരംഭിക്കുന്നതിന് സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) അട്ടപ്പാടിയിൽ ഒരു കോളേജ് സ്ഥാപിക്കണമെന്ന് സർക്കാരിനോട് അഭ്യർത്ഥിക്കുന്ന ഒരു പ്രമേയം അട്ടപ്പാടി ബ്ലോക്ക് പഞ്ചായത്ത് സമർപ്പിച്ചിട്ടുണ്ട്.

(ബി) പ്രമേയം സാധ്യതാ പഠന റിപ്പോർട്ടിനായി കോളേജ് വിദ്യാഭ്യാസ ഡയറക്ടർക്ക് അയച്ചുകൊടുത്തിട്ടുണ്ട്. പഠന റിപ്പോർട്ട് പരിശോധിച്ചതിനു ശേഷമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയൂ.

ബി. എഡ്. പ്രവേശനത്തിനുള്ള അവസരം നഷ്ടമായ വിദ്യാർത്ഥികൾ

41 [1557] ശ്രീ. ഇസ്ഹാക് കുരിക്കൾ:
,, സി. ടി. അഹമ്മദ് അലി:
,, പി. കെ. കെ. ബാവ:
,, സി. മോയിൻകുട്ടി:
,, നാലകത്ത് സൂപ്പി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ:

(എ) ബി.എസ്.സി. ഹോംസയൻസ്, ബി.എസ്.സി. കമ്പ്യൂട്ടർ സയൻസ് എന്നിവ പാസ്സായ വിദ്യാർത്ഥികൾക്ക് കോഴിക്കോട് യൂണിവേഴ്സിറ്റിയിൽ ബി. എഡ്. പ്രവേശനത്തിനുള്ള അവസരം ഇല്ലാതായത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) തൻമൂലം വിദ്യാർത്ഥികളുടെ തുടർപഠനം നഷ്ടപ്പെടുന്ന അവസ്ഥ ഇല്ലാതാക്കാൻ നടപടി സ്വീകരിക്കുമോ;

(സി) ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്.

† അനുബന്ധം.II

LIBRARY ARCHIVES Kerala Legislative Assembly